കേരള സർക്കാർ

# ആലങ്ങാട് ഗ്രാമപഞ്ചായത്ത്
# 2015-16
# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.lfa.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത് കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ.ഇ.കെ.എം(പി.13)2122/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട്–682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in

ജോയിന്റ് ഡയറക്ടർ

തീയതി : 13.12.2016

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആലങ്ങാട് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ആലങ്ങാട് ഗ്രാമപഞ്ചായത്ത് – 2015-16 സാമ്പത്തികവർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആലങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്ത ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2 ലേയും ഭാഗം 3 ലേയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)

<u>പകർപ്പ്</u>:
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ഇ.കെ.എം(പി.13)2122/2016)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട്-682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in

തീയതി : 13.12.2016

## എറണാകുളം ജില്ലയിലെ ആലങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 *ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ്* 215(4) , 1994 *ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ്* 13, 1996*ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം* 18 *എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.*)

എറണാകുളം ജില്ലയിലെ ആലങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 15.01.2016 മുതൽ 28.11.2016 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്വമുണ്ടയിരിക്കുന്നതല്ല.

### (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. ഡി സുരേഷ് രാജു ,<br>ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.) |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 29.11.2016 മുതൽ 06.12.2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി. ഷെർളി പീറ്റർ, ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. ബിന്ദു സദാനന്ദൻ,<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ഷൈനി പി എം,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.സന്തോഷ് കെ വി, ഓഡിറ്റർ |

**(ബി) നിർവ്വഹണാധികാരികൾ**

| | പേര് | കാലയളവ് | |
|---|---|---|---|
| പ്രസിഡന്റ് | ശ്രീ. പി യു പ്രസാദ് | 1.4.2015 | 30.09.2015 |
| | അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | 1.10.2015 | 18.11.2015 |
| | ശ്രീമതി രാധാമണി ജയ് സിംഗ് | 19.11.2015 | 31.03.2016 |

| | | | |
|---|---|---|---|
| സെക്രട്ടറി | ശ്രീമതി. ഷൈനി എം എം | 01.04.2015 | 20.12.2015 |
| | ശ്രീമതി. എം ആർ ജയകുമാരി, അസിസ്റ്റന്റ് സെക്രട്ടറി (സെക്രട്ടറി-ഇൻ-ചാർജ്ജ്) | 21.12.2015 | 04.01.2016 |
| | ശ്രീമതി. സിന്ധുമോൾ വി എസ് | 05.01.2016 | 31.03.2016 |

**നിർവ്വഹണ ഉദ്യോഗസ്ഥർ**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| കൃഷി ഓഫീസർ | ശ്രീമതി മിനി തോമസ് | 01.04.2015 | 31.03.2016 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. ജയലക്ഷ്മി ജി എസ് | 1.4.2015 | 31.3.2016 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. നിതിൻ ദേവ് | 1.4.2015 | 31.3.2016 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.ഫാത്തിമ എസ് ഷുക്കൂർ | 01.04.2015 | 31.03.2016 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി പുഷ്കല പി എൻ | 01.04.2015 | 08.10.2015 |
| | ശ്രീമതി ഫിലോമിന സക്കറിയ | 09.10.2015 | 31.03.2016 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, പാനായിക്കുളം | ശ്രീ വിനോദ് കുമാർ എ ജി | 01.04.2015 | 31.03.2016 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, കോട്ടപ്പുറം | ശ്രീമതി യമുന കെ കെ | 01.04.2015 | 02.06.2016 |
| | ശ്രീ വിനോദ് കുമാർ എ ജി | 03.06.2015 | 31.03.2016 |
| ഹെഡ്മിസ്ട്രസ്, ജി.എൽ.പി.എസ്. | ശ്രീമതി.വിജയലക്ഷ്മി.എം.കെ. | 1.4.2015 | 31.3.2016 |
| വെറ്ററിനറി സർജൻ | ഡോ.മറിയാമ്മ തോമസ് | 1.4.2015 | 31.03.2016 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി രശ്മി രാമചന്ദ്രൻ | 01.04.2015 | 31.03.2016 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി സൗമ്യ ജി | 1.4.2015 | 31.03.2016 |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി എം ആർ ജയകുമാരി | 1.4.2015 | 31.03.2016 |

**ഉള്ളടക്കം**


| ക്രമ നമ്പർ | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി | 1-10 |
| 11 | ഓഡിറ്റ് ഇംപാക്ട് | 1-11 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-12 |
| | ഭാഗം - 2 | |
| 15 | സാംഖ്യ രസീത് സ്റ്റോക്ക് പരിശോധനയിൽ കണ്ട അപാകത | 2-1 |
| 16 | കളക്ഷൻ തുക ചട്ടവിരുദ്ധമായി കൈവശം വച്ചു | 2-2 |
| | ഭാഗം – 3 | |
| 18 | പൊതുടാപ്പുകളുടെ സംയുക്ത പരിശോധന | 3-1 |
| | | |

| | | |
|---|---|---|
| 19 | മെഡിക്കൽ ഓഫീസറുടെ പ്രോജക്ടുകൾ - ചെലവ് തടസ്സം 515916/- രൂപ | 3-2 |
| 20 | ലാപ് ടോപ് വാങ്ങൽ - 4,22,099/- രൂപ തടസ്സപ്പെടുത്തുന്നു | 3-3 |
| 21 | വിദ്യാർത്ഥികൾക്ക് ഫർണീച്ചർ വാങ്ങൽ - 8000/- രൂപ തടസ്സപ്പെടുത്തുന്നു | 3-4 |
| 22 | വിനിയോഗ സാക്ഷ്യപത്രമില്ല - ചെലവ് തടസ്സം 61,000/- രൂപ | 3-5 |
| 23 | ഡെപ്പോസിറ്റ് വർക്കിന്റെ വിനിയോഗ സാക്ഷ്യപത്രമില്ല - ചെലവ് തടസ്സം 22,80,400/- രൂപ | 3-6 |
| 24 | സെക്രട്ടറി നടപ്പാക്കിയ പദ്ധതികളിലെ അപാകത - 6,95,314/- തുക തടസ്സപ്പെടുത്തുന്നു | 3-7 |
| 25 | ആദായനികുതി ഈടാക്കിയിട്ടില്ല | 3-8 |
| 26 | വാഹന വാടകയുടെ ആദായനികുതി | 3-9 |
| 27 | ഹെഡ് മിസ്ട്രസ്, ജി. എൽ. പി. എസ്. നടപ്പാക്കിയ പദ്ധതിളിലെ അപാകതകൾ | 3-10 |
| | ഭാഗം - 4 | |
| 28 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 29 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 30 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 31 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 32 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 33 | ഓഡിറ്റ് റിക്കവറി | 4-6 |
| 34 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 35 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 36 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 37 | ഓഡിറ്റ് സർട്ടിഫിക്കറ്റ് 2015-16 | അനുബന്ധം.1 |
| 38 | ബാലൻസ് ഷീറ്റ് 2015-16 | അനുബന്ധം.2 |
| 39 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് 2015-16 | അനുബന്ധം.3 |
| 40 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് 2015-16 | അനുബന്ധം.4 |


# ഭാഗം -1

## പൊതു അവലോകനം

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 27.03.2015 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചു.

ബജറ്റും വാർഷിക കണക്കും തമ്മിലുള്ള വ്യത്യാസം താഴെ കൊടുക്കുന്നു:-

| | വരവ് (₹) | ചെലവ് (₹) |
|---|---|---|
| ബജറ്റ് പ്രകാരം | 13,12,21,266 | 13,80,25,606 |
| വാർഷിക കണക്ക് പ്രകാരം | 6,01,12,860 | 8,74,92,636 |
| വ്യത്യാസം | 7,11,08,406 | 5,05,32,970 |

ബജറ്റ് പ്രകാരമുള്ള വരവുചെലവുകളും യഥാർത്ഥ വരവുചെലവുകളും തമ്മിൽ ഭീമമായ അന്തരമുണ്ട്. സാമൂഹ്യ സുരക്ഷ പെൻഷനുകളുടെ വരവ്-ചെലവും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ വരവ്-ചെലവും ഉൾപ്പടെയാണ് ബജറ്റിൽ പഞ്ചായത്തിന്റെ ആകെ പ്രതീക്ഷിത വരവ്-ചെലവ് കണക്കാക്കിയിരിക്കുന്നത്. എന്നാൽ സാമൂഹ്യ സുരക്ഷ പെൻഷൻ ഡി.ബി.ടി. പ്രകാരവും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഇ.എഫ്.എം.എസ്. വഴിയും ആയതിനാൽ അവയുടെ കണക്കുകൾ യഥാർത്ഥ വരവ്-ചെലവ് കണക്കാക്കുമ്പോൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമായി വരുന്നില്ല. എന്നാൽ തനത് വരുമാനത്തിൽ പ്രതീക്ഷിത വരവും യഥാർത്ഥ വരവും തമ്മിൽ കാര്യമായ അന്തരമില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2016 | 19.07.2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ചതീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി | റിമാർക്സ് |
|---|---|---|---|
| 2015-16 | 30.11.2016 | ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട് | വാർഷിക ധനകാര്യ പത്രികയിൽ അപാകതകളില്ല |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 4,48,67,410.00 |
| വരവ് | 6,01,12,860.00 |
| ആകെ | 1,04,90,270.00 |
| ചെലവ് | 87492636.00 |
| നീക്കിയിരിപ്പ് | 1,74,87,634.00 |

ബാലൻസ് ഷീറ്റ് പ്രകാരം ഓഡിറ്റ് വർഷം പിരിച്ചെടുക്കുവാൻ ബാക്കിനിൽക്കുന്ന തുകകളുടെ വിവരം താഴെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| വസ്തു നികുതി | 35,48,911 |
| തൊഴിൽ നികുതി | 5,000 |
| കെട്ടിട വാടക | 25,123 |
| ആകെ | 35,79,034 |

പഞ്ചായത്തിന് ലഭിക്കാനുള്ള എല്ലാ വരവുകളും കുടിശ്ശികയില്ലാതെ പിരിച്ചെടുക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതുവിഭാഗം | 3705927 | (*) 13676868 | 17382795 | 17382795 | | 0 |
| വികസന ഫണ്ട് എസ്.സി. പി. | 8063906 | 3343190 | 11407096 | 6760553 | 4646543 | 0 |
| വികസന ഫണ്ട് ടി.എസ്. പി. | 49886 | 21125 | 71011 | 29725 | 41286 | 0 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 11110124 | 13140912 | 24251036 | 22909342 | 1341694 | 0 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 607838 | (**) 2170734 | 2778572 | 2778572 | 0 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 4222287 | 8790425 | 13012712 | 9276777 | 3735935 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 3879000 | 1845689 | 5724689 | 3879000 | 1845689 | 0 |
| എം.എൻ.ആർ. ഇ.ജി.എസ്. | 0 | 18335518 | 18335518 | 18327077 | 0 | 8441 |

| | | | | | | |
|---|---|---|---|---|---|---|
| ബി ഫണ്ട് | 0 | 32133965 | 32133965 | 32133965 | 0 | 0 |

**(*)** വികസന ഫണ്ട് – പൊതുവിഭാഗത്തിലെ വരവിൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത തുകയായ 1,02,69,453/- രൂപയും തൻ വർഷത്തെ വരവായ 34,07,415/- രൂപയും ഉൾപ്പെടുന്നു.

**(**)** സംരക്ഷണഗ്രാന്റ് നോൺ റോഡ് വിഭാഗത്തിലെ വരവിൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത തുകയായ 13,41,694/- രൂപയും തൻ വർഷത്തെ വരവായ 8,29,040/- രൂപയും ഉൾപ്പെടുന്നു.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 210 | 101187012 | 166 | 64604169 | 33 | 11 | 79.05 |

ഏറ്റെടുക്കുന്ന മുഴുവൻ പ്രോജക്ടുകളും അതാതു വർഷം തന്നെ പൂർത്തീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 4 | 4 | 1342000 | 774303 | 57.70 |
| വെറ്ററിനറി സർജൻ | 6 | 6 | 3682820 | 1591626 | 43.22 |
| വി.ഇ.ഒ | 5 | 3 | 3854000 | 2100000 | 54.49 |
| എൽ.വി.ഇ.ഒ | 5 | 5 | 12286100 | 6978600 | 56.80 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 9 | 9 | 4290692 | 3461388 | 80.67 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 1 | 1 | 800000 | 800000 | 100 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 150000 | 150000 | 100 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 4 | 4 | 1147592 | 1040098 | 90.63 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 300000 | 300000 | 100 |
| ഹെഡ് മാസ്റ്റർ ജി.എൽ.പി.എസ് | 12 | 12 | 2047000 | 1798900 | 87.88 |
| സെക്രട്ടറി | 23 | 17 | 11094440 | 8820312 | 79.50 |
| അസിസ്റ്റന്റ് സെക്രട്ടറി | 19 | 15 | 11356792 | 4086984 | 35.99 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 120 | 88 | 48835576 | 32701958 | 66.96 |
| ആകെ | 210 | 166 | 101187012 | 64604169 | 63.85 |

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് 2015-16 സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 14.50 ശതമാനം വർധനവുണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 7952250 | 9006012 | (+)1053762 | (+)13.25 |
| നികുതിയേതര വരവുകൾ | 1221677 | 1441158 | (+)219481 | (+)17.97 |
| മറ്റുവരവുകൾ | 228945 | 319522 | (+)90577 | (+)39.56 |
| ആകെ | 9402872 | 10766692 | (-)1363820 | (+)14.50 |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| തൊഴിൽരഹിത വേതനം | 51720 | 29 |
| കർഷകതൊഴിലാളി പെൻഷൻ | 5682540 | 785 |
| വിധവാപെൻഷൻ | 12119880 | 1508 |
| വാർദ്ധക്യകാല പെൻഷൻ | 9006630 | 1789 |
| ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 4069275 | 461 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള ധനസഹായം | 483920 | 66 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 720000 | 24 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 01.12.2016 ന് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 34,978/- രൂപയുടെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-10 മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

പദ്ധതി നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു :-

| | | |
|---|---|---|
| തൊഴിൽ കാർഡ് നൽകപ്പെട്ടവർ | പട്ടിക ജാതി | 598 |
| | പട്ടിക വർഗ്ഗം | 2 |
| | മറ്റുള്ളവർ | 2017 |
| | ആകെ | 2617 |
| തൊഴിൽ ആവശ്യപ്പെട്ടവരുടെ എണ്ണം | | 1211 |
| തൊഴിൽ നൽകപ്പെട്ടവരുടെ എണ്ണം | | 1100 |
| സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | പട്ടികജാതി | 20987 |
| | പട്ടിക വർഗ്ഗം | 0 |
| | മറ്റുള്ളവർ | 55321 |
| | ആകെ | 76308 |
| 100 ദിവസം തൊഴിൽ ലഭിച്ചവർ | | 311 |
| സാങ്കേതികാനുമതി ലഭിച്ച ആകെ പ്രവൃത്തികൾ | | 328 |
| പൂർത്തീകരിച്ച പ്രവൃത്തികൾ | | 207 |

## 1-11 ഓഡിറ്റ് ഇംപാക്ട്

2015-16-ലെ ഡി.&ഒ. ലൈൻസ് ഫീസ് പിരിച്ചപ്പോൾ ശ്രീ ജി. പ്രഭാകര കമ്മത്തിൽ (ലൈസൻസ് നം. A6/1199/15) നിന്ന് 2437/- രൂപ കുറവ് ഈടാക്കിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 5 ന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ടവരിൽ നിന്ന് 3.12.2016 ൽ രസീത് നം. 11610105053 പ്രകാരം 2437/- രൂപ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കി.

## 1-12 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25.11.2016 മുതൽ 26.11.2016 വരെ | 10/2016 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 04.09.2014 മുതൽ 23.09.2014 വരെ | 2009-10 മുതൽ 2013-14 വരെ | 30.10.2014 |

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 സാംഖ്യ രശീത് സ്റ്റോക്ക് പരിശോധനയിൽ കണ്ട അപാകത

1.1.2016 മുതൽ 28.11.2016 വരെയുള്ള സാംഖ്യ രശീത് സ്റ്റോക്കിന്റെ കണക്ക് പരിശോധിച്ചതിൽ 307 രശീതുകൾ അധികം ഉണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു

| | |
|---|---|
| 1.1.2016ൽ മുന്നിരുപ്പ് 8707225 മുതൽ 8709000 വരെ | 1776എണ്ണം |
| 10.2.2016ൽ വരവ് 612001മുതൽ 615000 വരെ | 3000 എണ്ണം |
| 25.5.2016ൽ വരവ് 2781001മുതൽ 2784000 വരെ | 3000 എണ്ണം |
| 18.11.2016ൽ വരവ് 6615001മുതൽ 6618000 വരെ | 3000 എണ്ണം |
| ആകെ | 10776എണ്ണം |
| സാംഖ്യ റിപ്പോർട്ട് പ്രകാരം 1.1.2016 മുതൽ 28.11.2016 വരെ ഉപയോഗിച്ച രശീതുകളുടെ എണ്ണം | 7791 എണ്ണം |
| സാംഖ്യ റിപ്പോർട്ട് പ്രകാരം 1.1.2016 മുതൽ 28.11.2016 വരെ ക്യാൻസൽ രശീതുകളുടെ എണ്ണം | 213 എണ്ണം |
| 29.11.2016 ൽ സ്റ്റോക്കിൽ ഉണ്ടാകേണ്ട രശീതുകളുടെ എണ്ണം (10776-(7791+213)) | 2772 എണ്ണം |
| ഫിസിക്കൽ വെരിഫിക്കേഷനിൽ കണ്ട രശീതുകളുടെ എണ്ണം 2783922 മുതൽ 2784000വരെ 79 എണ്ണം + 6615001 മുതൽ 6618000വരെ 3000 എണ്ണം | 3079 എണ്ണം |
| അധികം കണ്ട രശീതുകൾ (3079-2772) | 307 എണ്ണം |

ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം 12 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

## 2-2 കളക്ഷൻ തുക ചട്ടവിരുദ്ധമായി കൈവശം വച്ചു

15.1.2016 മുതൽ 28.11.2016 വരെയുള്ള വരവ് പരിശോധിച്ചതിൽ 4.6.2016ലെ ഡേ ബുക്ക് പ്രകാരമുള്ള കളക്ഷൻ തുക 22,379/- രൂപ ചട്ടവിരുദ്ധമായി കൈവശം വച്ചതായി കണ്ടെത്തി. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 7(2) പ്രകാരം ഓരോ ദിവസത്തെയും കളക്ഷൻ തൊട്ടടുത്ത ദിവസം ട്രഷറിയിൽ ഒടുക്കേണ്ടതാണ്. എന്നാൽ 4.6.2016 ലെ ഡേ ബുക്ക് പ്രകാരമുള്ള കളക്ഷൻ തുകയായ 22,379/- രൂപ 9.6.2016ൽ മാത്രമാണ് തനത് ഫണ്ട് ബാങ്ക് അക്കൗണ്ടായ നീറിക്കോട് സർവീസ് സഹകരണ ബാങ്കിൽ അടവാക്കിയിട്ടുള്ളത്. 6.6.2016ലെയും 7.6.2016 ലെയും ഡേ ബുക്ക് പ്രകാരമുള്ള കളക്ഷൻ തുകകൾ ഈ അക്കൗണ്ടിൽ യഥാക്രമം 6.6.2016ലും 7.6.2016ലും അടവാക്കിയിട്ടുണ്ട്. ഇന്റേണൽ ചെക്കിംഗ് സംവിധാനം ശക്തിപ്പെടുത്തേണ്ടതും ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പൊതുടാപ്പുകളുടെ സംയുക്ത പരിശോധന

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 30.05.09 ലെ ജി.ഓ (ആർ.ടി) 1275/2009പ്രകാരം എല്ലാ ഗ്രാമപഞ്ചായത്തുകളും തങ്ങളുടെ സ്ഥാപനത്തിന്റെ പരിധിയിലുള്ള പൊതുടാപ്പുകളുടെ എണ്ണം ജല അതോറിറ്റിയുടെ സഹായത്തോടെ തിട്ടപ്പെടുത്തേണ്ടതാണെന്നും, ഉപയോഗിക്കുന്ന ജലത്തിന് മാത്രമേ പണം നൽകുന്നുള്ളുവെന്ന് ഉറപ്പ് വരുത്തുന്നതിലേക്കായി ജലം ലഭ്യമാകുന്ന എല്ലാ പൊതുടാപ്പുകൾക്കും മീറ്റർ ഘടിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും നിഷ്കർഷിച്ചിരുന്നു. എന്നാൽ പഞ്ചായത്ത് ഈ നിർദ്ദേശങ്ങൾ നാളിതുവരെ പാലിച്ചിട്ടില്ല. ആയതിലേക്ക് വേണ്ട നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. 2015-16 വർഷത്തിൽ 424 ടാപ്പുകൾക്ക് 5250/- രൂപ നിരക്കിൽ 1,85,500/- രൂപയാണ് ജല അതോറിറ്റിയ്ക്ക് പഞ്ചായത്ത് അടവാക്കുന്നത്.

## 3-2 മെഡിക്കൽ ഓഫീസറുടെ പ്രോജക്ടുകൾ - ചെലവ് തടസ്സം 515916/- രൂപ

1.പ്രോജക്ട് നം - 33/16

പ്രോജക്ടിന്റെ പേര്- പി.എച്ച്.സി ക്ക് മരുന്ന് വാങ്ങൽ

അടങ്കൽ - 200000/-

ചെലവ്- 200000/-

മേൽ പ്രോജക്ടിൽ ഇൻവോയിസ് നം PRF 3890/16.03.16 പ്രകാരം കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിക്ക് ഡി.ഡി നം 686400 തി 12.04.16 ന് 200000 രൂപ അടവാക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ 114170 രൂപയുടെ മരുന്ന് മാത്രമെ ലഭ്യമായിട്ടുള്ളൂ. ബാക്കി 85830/- രൂപയുടെ മരുന്ന് ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ആയതിനാൽ 85,830/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2.പ്രോജക്ട് നം - 103/16

പ്രോജക്ടിന്റെ പേര്- വികലാംഗർക്ക് ഉപകരണം വാങ്ങൽ

അടങ്കൽ - 300000/-

ചെലവ്- 292506/-

മേൽ പ്രോജക്ടിൽ പ്രഫോർമ ഇൻവോയിസ് നം 199/B3/2013/HPWC തി 22.01.16 പ്രകാരം വികലാംഗ ക്ഷേമ കോർപറേഷന് 12.04.16 ന് ഡി.ഡി നം 686401പ്രകാരം 292506/- രൂപ അടവാക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ ഉപകരണങ്ങൾ ലഭ്യമാക്കി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടില്ല. വികലാംഗരുടെ ഉന്നമനം ലക്ഷ്യമായുള്ള പ്രോജക്ട് ഫലപ്രാപ്തിയിലെത്താത്തതിനാൽ ചെലവായ 292506/- രൂപ തടസ്സപ്പെടുത്തുന്നു.

3.പ്രോജക്ട് നം - 102/16

പ്രോജക്ടിന്റെ പേര്- സാന്ത്വന പരിചരണ പരിപാടി

അടങ്കൽ - 500000/-

ചെലവ്- 500000/-

മേൽ പ്രോജക്ടിൽ 192158/- രൂപ മെഡിസിനും മറ്റ് അനുബന്ധ മെഡിക്കൽ സാമഗ്രികളും വാങ്ങുന്നതിന് വകയിരുത്തിയിട്ടുണ്ട്. ബിൽ നം 8/15-16 തി 31.03.16 പ്രകാരം 192158/- രൂപ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിക്ക് ഡി.ഡി നം 688399 തി 12.04.16 ന് അടവാക്കിയിട്ടുണ്ട്. എന്നാൽ ഇൻവോയിസ് നം 3957 തി 22.10.16 പ്രകാരം 54578/- രൂപയുടെ മരുന്നും മറ്റ് അനുബന്ധ മെഡിക്കൽ സാമഗ്രികളും മാത്രമെ ലഭ്യമായിട്ടുള്ളു. ബാക്കി 1,37,580/- രൂപയുടെ മരുന്നും മറ്റ് അനുബന്ധ മെഡിക്കൽ സാമഗ്രികളും ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ആയതിനാൽ 1,37,580/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-3 ലാപ് ടോപ് വാങ്ങൽ - 4,22,099/- രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം. - എസ്. 028/16
പ്രോജക്ടിന്റെ പേര് - പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്
അടങ്കൽ തുക – 5,03,295/-
ചെലവായ തുക – 4,22,099/-
ബിൽ നം.30/15-16/29.3.2016

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ മേൽ പദ്ധതി പ്രകാരം 10 പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് ലാപ് ടോപ് വാങ്ങി നൽകിയിട്ടുണ്ട്. ഈ പ്രോജക്ട് നടത്തിപ്പിലെ ചില അപാകതകൾ ചുവടെ ചേർക്കുന്നു :-

1. CHIPSET COMPUTERS, VH ROAD, PALAKKAD എന്ന സ്ഥാപനത്തിൽ നിന്നാണ് ലാപ് ടോപ് വാങ്ങിയിരിക്കുന്നത്. DGS&D റേറ്റ് കോൺട്രാക്ട് ഉള്ള സ്ഥാപനം എന്ന രീതിയിൽ HCL Infosystems Ltd, Noida എന്ന സ്ഥാപനത്തിന്റെ DGS&D റേറ്റ് കോൺട്രാക്ട് നമ്പർ റഫറൻസായി കാണിച്ചിട്ടുള്ള ഒരു ഇ-മെയിൽ കോപ്പിയാണ് ഈ സ്ഥാപനം ഹാജരാക്കിയിരിക്കുന്നത്. CHIPSET COMPUTERS, HCL Infosystems Ltd ന്റെ എക്സിക്യൂട്ടീവ് ഡീലറല്ല, കംപ്യൂട്ടർ, പെരിഫറൽസ് വിൽപ്പന നടത്തുന്ന ഒരു സ്ഥാപനം മാത്രമാണ്. കൂടാതെ 12.5.2015ലെ റേറ്റ് കോൺട്രാക്ട് നമ്പർ Laptop/IT.1/RC.71020000/1215/81/F0528/4612 പ്രകാരം അനുവദിച്ചിരിക്കുന്ന റേറ്റ് കോൺട്രാക്ടിന്റെ ഷെഡ്യൂൾ എ യിലാണ് ഇനം, വില, നികുതികൾ എന്നിവ കാണിച്ചിരിക്കുന്നത്. എന്നാൽ ഷെഡ്യൂൾ എ ഫയലിൽ ചേർത്തിട്ടില്ല. ഷെഡ്യൂൾ എ പ്രകാരമുള്ള നിരക്കിലാണ് ലാപ് ടോപ് വാങ്ങിയിരിക്കുന്നതെന്ന് രേഖപ്പെടുത്തിയിട്ടില്ല.

2. ACER Core i3/4/500 – 4GB 14” ലാപ് ടോപ്പുകളാണ് വാങ്ങിയിരിക്കുന്നത്. എന്നാൽ റേറ്റ് കോൺട്രാക്ട് HCL കംപ്യൂട്ടറുകൾക്കാണ്.

3. മേൽ സ്പെസിഫിക്കേഷനുള്ള ലാപ് ടോപ്പിന്റെ MRP 23000 – 26000 രൂപ വരെയാണ്. എന്നാൽ വാങ്ങിയിരിക്കുന്ന ലാപ് ടോപ്പിന്റെ യൂണിറ്റ് നിരക്ക് 40199/- രൂപയാണ്. നിലവിലെ മാർക്കറ്റ് നിരക്കിൽ നിന്ന് 14199/-രൂപ കൂടിയ നിരക്കിലാണ് വാങ്ങിയിരിക്കുന്നത്. i7 സ്പെസിഫിക്കേഷനുള്ള ലാപ് ടോപ്പുകൾ 40000 രൂപയിലും താഴ്ന്ന നിരക്കിലാണ് മാർക്കറ്റിൽ ലഭിക്കുന്നത്.

4. പഞ്ചായത്തിൽ ടെക്കനിക്കൽ അസിസ്റ്റന്റ് ഉണ്ടെങ്കിലും ACER Core i3 വാങ്ങുമ്പോൾ, ടെക്നിക്കൽ സ്പെസിഫിക്കേഷൻ സംബന്ധിച്ച് വിദഗ്ധോപദേശം തേടിയിട്ടില്ല.

പദ്ധതി നടത്തിപ്പിൽ മേൽ സൂചിപ്പിക്കുന്ന അപാകതകൾ ഉള്ളതിനാൽ ചെലവഴിച്ച 4,22,099/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-4 വിദ്യാർത്ഥികൾക്ക് ഫർണീച്ചർ വാങ്ങൽ - 8000/- രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം.- എസ്. 157/16

പ്രോജക്ടിന്റെ പേര് - പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ഫർണീച്ചർ

അടങ്കൽ തുക – 2,68,000/-

ചെലവായ തുക – 1,16,000/-

ബിൽ നം.12/15-16/13.11.2015-108000

ബിൽ നം.14/15-16/15.12.2015- 8000

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ മേൽ പദ്ധതിയിൽ 29 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും വാങ്ങി നൽകുന്നതിനായി 4000/- രൂപ നിരക്കിൽ 1,16,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. 29 പട്ടിക ജാതി വിദ്യാർത്ഥികളിൽ ലിറ്റിൽ ഫ്ലവർ ഹൈസ്കൂളിൽ പഠിക്കുന്ന സിയ പി എ, c/o അനിൽകുമാർ പി എ, പുലിമുട്ടത്ത്, പാനായിക്കുളം, ജിഷ്ണ പി ആർ, c/o രമേശൻ പി കെ, പള്ളത്തുപറമ്പിൽ, പാനായിക്കുളം എന്നീ 2 വിദ്യാർത്ഥികൾ നാളിതുവരെ ഫർണീച്ചർ കൈപ്പറ്റിയിട്ടില്ല. ആയത് പഞ്ചായത്തിൽ തന്നെ സൂക്ഷിച്ചിരിക്കുകയാണ്. ഫർണീച്ചർ യഥാസമയം വിതരണം ചെയ്യാത്തതിനാൽ 8000/- രൂപ തടസ്സപ്പെടുത്തുന്നു. കൂടാതെ ഫർണീച്ചറിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

## 3-5 വിനിയോഗ സാക്ഷ്യപത്രമില്ല - ചെലവ് തടസ്സം 61,000/- രൂപ

പ്രോജക്ട് നം.- എസ്. 043/16
പ്രോജക്റ്റിന്റെ പേര് - എസ്. സി കോളനികളിൽ സ്ട്രീറ്റ് ലൈൻ വലിച്ച് വാട്ടർ ടാപ്പ് സ്ഥാപിക്കൽ
അടങ്കൽ തുക – 2,00,000/-
ചെലവായ തുക – 61,000/-

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ മേൽ പദ്ധതിക്കായി 11.02.2016ൽ ഡി.ഡി.നം. 445529 പ്രകാരം 61,000/- രൂപ കേരള വാട്ടർ അതോറിറ്റിക്ക് അടവാക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ 61,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-6 ഡെപ്പോസിറ്റ് വർക്കിന്റെ വിനിയോഗ സാക്ഷ്യപത്രമില്ല - ചെലവ് തടസ്സം 22,80,400/- രൂപ

ഓഡിറ്റ് വർഷത്തിൽ കെ.എസ്.ഇ.ബി. യിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. ഈ പ്രവൃത്തി നടത്തിയതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. ആയതിനാൽ 22,80,400/- രൂപ തടസ്സപ്പെടുത്തുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര്, പ്രോജക്ട് നം. | നിർവ്വഹണ ഏജൻസി | ഡി.ഡി നം. / തീയതി | നൽകിയ തുക |
|---|---|---|---|
| സ്ട്രീറ്റ് ലൈൻ വിപുലീകരണം (എസ്. 110/16) | കെ.എസ്.ഇ.ബി,ആലുവ(വെസ്റ്റ്) | 438691/14.9.15 | 4,51,975 |
| | കെ. എസ്. ഇ. ബി, എടയാർ | 438689/14.9.15 | 2,10,210 |
| | | 443985/9.10.15 | 28,210 |
| | കെ. എസ്.ഇ. ബി, വരാപ്പുഴ | 438692/14.9.15 | 1,66,619 |
| | കെ.എസ്.ഇ.ബി, ആലങ്ങാട് | 438687/14.9.15 | 10,00,000 |
| | | 438688/14.9.15 | 6,010 |
| | | 438690/14.9.15 | 2,45,406 |
| | | 687154/19.4.16 | 1,71,970 |
| ആകെ | | | 22,80,400 |

## 3-7 സെക്രട്ടറി നടപ്പാക്കിയ പദ്ധതികളിലെ അപാകത - 6,95,314/- തുക തടസ്സപ്പെടുത്തുന്നു

2015-16 വർഷം സെക്രട്ടറി നടപ്പിലാക്കിയ താഴെപ്പറയുന്ന പദ്ധതികൾ അവയ്ക്കു നേരെ സൂചിപ്പിച്ചിട്ടുള്ള രേഖകൾ/വിവരങ്ങളുടെ അഭാവത്തിൽ തടസ്സപ്പെടുത്തുന്നു.

| ക്രമ നം. | പദ്ധതിയുടെ പേര്/നം. | അടവാക്കിയ തുകയുടെ വിവരം | ഹാജരാക്കേണ്ട രേഖകൾ |
|---|---|---|---|
| 1 | വാട്ടർ റിച്ച് എറണാകുളം ഡിസ്ട്രിക്ട് (32/16) | ₹.3,00,000/- ബിൽ നം. 33/2015-16/23.03.2016 സെക്രട്ടറി,ജില്ലാപഞ്ചായത്ത് | 1. കൈപ്പറ്റ് രസീത് 2. വിനിയോഗ സാക്ഷ്യപത്രം |
| 2 | മൾട്ടി സ്പെഷ്യാലിറ്റി മൃഗാശുപത്രി (31/16) | ₹.1,00,000/- ബിൽ നം. 36/2015-16/29.03.2016 സെക്രട്ടറി,ജില്ലാപഞ്ചായത്ത് | 1. കൈപ്പറ്റ് രസീത് 2. വിനിയോഗ സാക്ഷ്യപത്രം |
| 3 | വസ്തു നികുതി പരിഷ്കരണം (209/16) | ചെലവ് തുക – 175580/- | ചെലവ് രേഖകൾ ഹാജരാക്കിയില്ല |
| 4 | പഞ്ചായത്ത് ഓഫീസിലേക്ക് കസേരകൾ വാങ്ങൽ (211/16) | ₹.115606/- ബിൽ നം. 35/2015-16/29.03.2016/ ₹.4128/- | സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയില്ല |

| | | | |
|---|---|---|---|
| | | ₹.4128/- ചെക്ക്.നം.16531/22.3.16/ | |
| | ആകെ | ₹.6,95,314 | |

## 3-8 ആദായനികുതി ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ അച്ചടി ജോലികൾക്ക് കരാറ് നൽകിയിരിക്കുന്നത് M/s നെറ്റ് സ്ക്വയർ പ്രിന്റേഴ്സിനാണ്. ആദായ നികുതി നിയമം വകുപ്പ് 194(C) പ്രകാരം ഒരു ബില്ലിൽ 30,000/- രൂപയോ സാമ്പത്തിക വർഷത്തിൽ മൊത്തം ബിൽ തുക 75,000/- രൂപയിൽ അധികമാകുകയോ ചെയ്താൽ സ്രോതസ്സിൽ നിന്നും 2% നികുതി കിഴിവ് നടത്തേണ്ടതാണ്. 2015-16 വർഷത്തെ വൗച്ചർ പരിശോധിച്ചതിൻ പ്രകാരം അച്ചടി ജോലികൾ ചെയ്ത ഇനത്തിൽ M/S നെറ്റ് സ്ക്വയർ പ്രിന്റേഴ്സിനു നൽകിയ തുക 75,000/- രൂപയിൽ കൂടുതലായെങ്കിലും നികുതി കിഴിവ് നടത്തിയതായി കാണുന്നില്ല. വിശദാംശങ്ങൾ താഴെ പറയുന്നു:-

| ക്രമ നം | സ്ഥാനത്തിന്റെ ബിൽ നം.തീയതി | വിവരണം | ചെക്ക് നം.തീയതി | തുക |
|---|---|---|---|---|
| 1 | 776/2.7.2015 | കരട് വോട്ടർ പട്ടിക പ്രിന്റിംഗ് | 12505/13.7.2015 | 43,112 |
| 2 | 534/30.10.2015 | അന്തിമ വോട്ടർ പട്ടിക പ്രിന്റിംഗ് | 16384/12.11.2015 | 86,598 |
| 3 | 533/30.10.2015 | വോട്ടർ പട്ടിക കാർഡ് പ്രിന്റിംഗ് | 16384/12.11.2015 | 26,850 |
| | | | ആകെ | 1,56,560 |

മേൽ തുകകളിൽ നിന്നും 2% നികുതിയായ 3,131/- രൂപ ബന്ധപെട്ടവരിൽ നിന്നും ഈടാക്കി ആദായനികുതി വകുപ്പിലേക്ക് അടവാക്കേണ്ടതാണ്.

## 3-9 വാഹന വാടകയുടെ ആദായനികുതി

ആലങ്ങാട് ഗ്രാമ പഞ്ചായത്തിൽ മെഡിക്കൽ ഓഫീസർ നടപ്പാക്കിയ പദ്ധതിയായ സാന്ത്വന പരിപാടിക്കായി (പ്രോജക്ട് നം. 102/16, 152/16) പെയിൻ ആൻറ് പാലിയേറ്റിവ് കെയർ യൂണിറ്റിന് വാഹനം കോൺട്രാക്ട് അടിസ്ഥാനത്തിൽ എടുത്തത് ജിസ് .പി.ജോയ്, പാലാട്ടി എന്നയാളാണ്. 2015-16 വർഷത്തിൽ വാഹന വാടക ഇനത്തിൽ ടിയാൾക്ക് ആകെ 1,07,910/- രൂപ നൽകിയിട്ടുണ്ട്. ആദായനികുതി ആക്ട് സെക്ഷൻ 194C അനുസരിച്ച് പ്രതിവർഷം 75,000/- രൂപയിൽ അധികം വരുന്ന ബില്ലുകളിൽ നിന്നും ആദായനികുതി ഈടാക്കേണ്ടതാണ്. എന്നാൽ വാഹന വാടകയ്ക്ക് ആദായനികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ നൽകുന്നു.

| ബിൽ നം/തീയതി | നൽകിയ തുക | ഡി.ഡി. നം/തീയതി |
|---|---|---|
| 02/15-16 25.08.15 | 25,740 | 438144/28.08.15 |
| 04/15-16 28.10.15 | 27,720 | 444988/28.10.15 |
| 05/15-16 19.02.15 | 9,900 | 446714/19.02.16 |
| 09/15-16 31.03.16<br>ബ്ലോക്ക് വിഹിതം | 8,910<br>35,640 | 685576/31.03.16<br>685580/31.03.16 |
| ആകെ | 1,07,910 | |

ആയതിനാൽ 1,07,910/- രൂപയുടെ 1% തുകയായ 1,079/- രൂപ അദായനികുതി വകുപ്പിൽ അടവാക്കേണ്ടതാണ്.

## 3-10 ഹെഡ് മിസ്ട്രസ്, ജി. എൽ. പി. എസ്. നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ

ആലങ്ങാട് ഗ്രാമ പഞ്ചായത്തിലെ 4 എൽ. പി സ്കൂളിന് വേണ്ടി ഹെഡ് മിസ്ട്രസ് നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1.

| | |
|---|---|
| പ്രോജക്ട് നം. | എസ് 46/16 |
| പ്രോജക്ടിന്റെ പേര് | ഗവ. എൽ. പി സ്കൂളുകൾക്ക് ഉച്ചഭക്ഷണം തയ്യാറാക്കുന്നതിന് ആവശ്യമായ ഉപകരണം വാങ്ങൽ |
| അടങ്കൽ തുക | 1,30,000/- |
| ചെലവ് | 1,30,000/- |
| ബിൽ നം. /തീയതി | 07/15-16/30.09.2015 |

മേൽ പ്രോജക്ടിന്റെ നടത്തിപ്പിന് ടെണ്ടർ ക്ഷണിച്ചതിൽ കെ.എസ്.ഐ.ഇ, ഐക്കൺ സൊല്യൂഷൻസ്, ജോൺസൺ സ്റ്റോഴ്സ് എന്നീ സ്ഥാപനങ്ങളിൽ നിന്ന് ടെണ്ടർ ലഭിച്ചെങ്കിലും ഐക്കൺ സൊല്യൂഷൻസിന്റെ ടെണ്ടർ പരിഗണിക്കാതെ ഒഴിവാക്കിയിട്ടുണ്ട്. ആയതിനുള്ള കാരണം വ്യക്തമാക്കിയിട്ടില്ല.

കെ.എസ്.ഐ.ഇ എന്ന സ്ഥാപനത്തിന്റെ ടെണ്ടറിൽ 750 Watt ന്റെ പ്രീതി മിക്സിയ്ക്ക് 3539/- രൂപയാണെന്നിരിക്കെ ജോൺസൺ സ്റ്റോഴ്സിൽ നിന്ന് 20000/- രൂപ ചെലവഴിച്ച് 5000/- രൂപ വിലയുള്ള 4 ഹാവെൽസ് മിക്സി വാങ്ങിയതായാണ് ഫയലിൽ രേഖകൾ സൂചിപ്പിക്കുന്നത്. എന്നാൽ 5.12.2016 ൽ കോട്ടപ്പുറം ഗവ. എൽ. പി സ്കൂളിൽ ഭൗതിക സ്റ്റോക്ക് പരിശോധന നടത്തിയപ്പോൾ കാണാൻ കഴിഞ്ഞത് 3750/- രൂപ വിലയുള്ള 750 Watt ന്റെ പ്രീതി മിക്സിയാണ്. ജോൺസൺ സ്റ്റോഴ്സിന്റെ ഇൻവോയിസിൽ 5000/- രൂപ വിലയുള്ള 4 ഹാവെൽസ് മിക്സി കാണിക്കുകയും യഥാർത്ഥത്തിൽ 3 ഹാവെൽസ് മിക്സിയും 1 പ്രീതി മിക്സിയും സപ്ലൈ ചെയ്തതിനാൽ അധികമായി നൽകിയ 1250/- രൂപ നിരാകരിക്കുന്നു. കൂടാതെ കുറഞ്ഞ നിരക്കായ 3539/- രൂപയ്ക്ക് മിക്സി ലഭിക്കുമെന്നിരിക്കെ 5000/- രൂപ വിലയുടെ മിക്സി വാങ്ങിയതിന് കാരണം വ്യക്തമാക്കിയിട്ടില്ല.

**2.**

| | |
|---|---|
| പ്രോജക്ട് നം. | എസ് 47/16 |
| | |

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ഗവ. എൽ. പി സ്കൂളുകൾക്ക് പഠനോപകരണങ്ങൾ നിർമ്മിക്കുന്നതിന് ആവശ്യമായ സാധനങ്ങൾ വാങ്ങൽ |
| അടങ്കൽ തുക | 25,000/- |
| ചെലവ് | 25,000/- |
| ബിൽ നം./ തീയതി | 08/15-16/30.09.2015 |

മേൽ പ്രോജക്ടിന് 2 ക്വട്ടേഷനുകൾ ലഭിച്ചു എന്ന് 22.8.2015 ലെ കമ്മിറ്റി തീരുമാനത്തിൽ പറയുന്നുണ്ടെങ്കിലും ഈ ക്വട്ടേഷനുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ജോൺസൺ സ്റ്റോഴ്സ് എന്ന സ്ഥാപനത്തിൽ നിന്നാണ് സാധനങ്ങൾ വാങ്ങിയത്. ക്വട്ടേഷനുകൾ പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ 25,000/- രൂപ തടസ്സപ്പെടുത്തുന്നു.

3.

| | |
|---|---|
| പ്രോജക്ട് നം. | എസ് 48/16 |
| പ്രോജക്ടിന്റെ പേര് | ഗവ. എൽ. പി സ്കൂളുകളിലേക്ക് കളി ഉപകരണങ്ങൾ വാങ്ങൽ |
| അടങ്കൽ തുക | 1,50,000/- |
| ചെലവ് | 1,38,000/- |
| ബിൽ നം./ തീയതി | 10/15-16/14.01.2016 |

മേൽ പ്രോജക്ടിന്റെ നടത്തിപ്പിന് ടെണ്ടർ ക്ഷണിച്ചതിൽ കെ.എസ്.ഐ.ഇ, ഐക്കൺ സൊല്യൂഷൻസ്, താണിക്കോട്ട് മെറ്റൽ വർക്ക്സ് എന്നീ സ്ഥാപനങ്ങളിൽ നിന്ന് ടെണ്ടർ ലഭിച്ചെങ്കിലും ഐക്കൺ സൊല്യൂഷൻസിന്റെ ടെണ്ടർ പരിഗണിക്കാതെ ഒഴിവാക്കിയിട്ടുണ്ട്. ആയതിനുള്ള കാരണം വ്യക്തമാക്കിയിട്ടില്ല.

ഈ പ്രോജക്ട് പ്രകാരം താണിക്കോട്ട് മെറ്റൽ വർക്ക്സ് എന്ന സ്ഥാപനത്തിൽ നിന്ന് Stand swing for 8 children എന്ന കളി ഉപകരണം 20,500/- രൂപ നിരക്കിൽ 4 എണ്ണവും Rotating swing for 4 children എന്ന കളി ഉപകരണം 14,000/- രൂപ നിരക്കിൽ 4 എണ്ണവും 4 എൽ. പി സ്കൂളിന് വേണ്ടി വാങ്ങിയിട്ടുണ്ട്.

5.12.2016 ൽ ഗവ. എൽ. പി സ്കൂളിൽ ഭൗതിക സ്റ്റോക്ക് പരിശോധന നടത്തിയപ്പോൾ കാണാൻ കഴിഞ്ഞത് Rotating swing for 4 children എന്ന കളി ഉപകരണം 'യൂസർ ഫ്രണ്ട് ലി' അല്ല എന്നാണ്. 145 സെ.മീ. മാത്രമാണ് ഈ കളി ഉപകരണത്തിന്റെ റേഡിയസ്. 4 കുട്ടികൾക്ക് വളരെ ഇടുങ്ങി മാത്രമെ അതിൽ ഇരിക്കാൻ സാധിക്കുകയുള്ളൂ. കുട്ടികൾക്ക് പിടിച്ചിരിക്കാൻ ആവശ്യമായ ഒന്നും ഈ ഉപകരണത്തിൽ ഇല്ല. വലുപ്പം കുറഞ്ഞ ഉപകരണം ആയതിനാൽ കുട്ടികൾ വളരെ വേഗത്തിൽ കറക്കുമ്പോൾ അപകട സാധ്യതയുണ്ട്.

കൂടാതെ ടെണ്ടറിൽ സൂചിപ്പിച്ചിരിക്കുന്ന സ്പെസിഫിക്കേഷനുള്ള കളി ഉപകരണമല്ല സപ്ലൈ ചെയ്തിരിക്കുന്നത്. ഉദാഹരണത്തിന് സീറ്റ് വുഡൻ റീപ്പറാണെന്ന് പറയുന്നുണ്ടെങ്കിലും സൈറ്റ് പരിശോധനയിൽ ഷീറ്റ് കൊണ്ടുള്ള സീറ്റാണ് കണ്ടത്. ഇത്തരം കളി ഉപകരണങ്ങൾ വാങ്ങുമ്പോൾ സുരക്ഷ, ശിശു സൗഹാർദ്ദമാണോ എന്ന കാര്യങ്ങൾ പർച്ചേസ് കമ്മിറ്റി പരിഗണിക്കേണ്ടതാണ്.

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2015-16 | 3,67,725 | ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വർക്ക് സ്കോളർഷിപ്പ് (എസ്. 145/16) | 3,67,725 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 1,00,000 | സാന്ത്വന പരിചരണ പരിപാടി (എസ്. 152/16) | 1,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 2,80,000 | ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വർക്ക് സ്കോളർഷിപ്പ് (എസ്. 145/16) | 1,80,000 | 0 |
| | | | സാന്ത്വന പരിചരണ പരിപാടി (എസ്. 102/16) | 1,00,000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുക

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| പ്രവൃത്തിയുടെ പേര് | നിർവ്വഹണ ഏജൻസി | ഡി.ഡി നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| എസ് സി കോളനികളിൽ സ്ട്രീറ്റ് ലൈൻ വലിച്ച് വാട്ടർ ടാപ്പ് സ്ഥാപിക്കുന്നതിന് (എസ്. 43/16 | കേരള വാട്ടർ അതോറിറ്റി, മുപ്പത്തടം | 445529/11.02.16 | 61,000 | 0 | 61,000 |
| സ്ട്രീറ്റ് ലൈൻ വിപുലീകരണം (എസ്. 110/16) | കെഎസ്.ഇ.ബി, ആലുവ (വെസ്റ്റ്) | 438691/14.9.15 (₹.451975/-) | 22,80,400 | 0 | 22,80,400 |
| | കെഎസ്.ഇ.ബി, എടയാർ | 438689/14.9.15 (₹.210210/-) 443985/9.10.15 (₹.28210/-) | | | |
| | കെഎസ്.ഇ.ബി, വരാപ്പുഴ | 438692/14.9.15 (₹.166619/-) | | | |
| | കെഎസ്.ഇ.ബി, ആലങ്ങാട് | 438687/14.9.15 (₹.1000000/-) 438688/14.9.15 (₹.6010/-) 438690/14.9.15 (₹.245406/-) 687154/19.4.16 (₹.171970/-) | | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| വായ്പയുടെ പേര്/ ഉദ്ദേശ്യം | | ഇ.എം.എസ്.ഭവന പദ്ധതി |
| ഉത്തരവ് നമ്പർ/ തീയതി/അനുവദിച്ച തുക | | സ.ഉ.നം.ജി.ഒ(ആർ.ടി)564/10/തസ്വഭവ തീ. 22.2.2010 , ₹.2,00,29,500/- |
| വിനിയോഗിച്ച വായ്പ തുക | | ₹.1,24,42,260 |
| വർഷം | | 2015-16 |
| വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | | 3827184 |
| തൻവർഷം തിരിച്ചടച്ച തുക | മുതൽ | 25,64,507 |
| | പലിശ | --- |
| വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | | 12,62,677 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ ലഭിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം / തീയതി |
|---|---|---|---|---|
| 2013-14 | --- | 314 | നിഷ.യു., എം.എൻ.ആർ.ഇ.ജി.എസ്. | 11510103551/ 22.1.2016 |

| | | | | |
|---|---|---|---|---|
| | | | ഓവർസീയർ | |
| 2006-07 | --- | 3,394 | സിനി. ബി.എൽ, എം.എൻ.ആർ.ഇ.ജി.എസ്. ഓവർസീയർ | 11510101404/ 16.9.2015 |
| 2005-06 | 3-12 | 8,625 | സുനിതകുമാരി, എം.എൻ.ആർ.ഇ.ജി.എസ്. ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 11510102365/ 31.10.2015 |
| | ആകെ | 12,333 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല.

## 4-8 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 6,01,12,860 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 8,74,92,636 |
| വരവിനങ്ങളിലുള്ള നഷ്ടം | --- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 5,460 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4,007,729 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നത് | ചാർജ്ജ് ചെയ്യാവുന്നത് | |
| 3-10 | 1,250 | --- | ശ്രീമതി. വിജയലക്ഷ്മി.എം.കെ., ഹെഡ്മിസ്ട്രസ്, ജി.എൽ.പി.എസ്.കോട്ടപ്പുറം |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 515916 | ഡോ.ഫാത്തിമ എസ് ഷുക്കൂർ, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 3-3 | 422099 | ശ്രീമതി. എം ആർ ജയകുമാരി, അസിസ്റ്റന്റ് സെക്രട്ടറി |
| 3-4 | 8000 | ശ്രീമതി. എം ആർ ജയകുമാരി, അസിസ്റ്റന്റ് സെക്രട്ടറി |
| 3-5 | 61000 | ശ്രീമതി. എം ആർ ജയകുമാരി, അസിസ്റ്റന്റ് സെക്രട്ടറി |
| 3-6 | 2108430 | ശ്രീമതി. ഷൈനി എം എം, സെക്രട്ടറി |
| | 171970 | ശ്രീമതി. സിന്ധുമോൾ വി എസ്, സെക്രട്ടറി |
| 3-7 | 695314 | ശ്രീമതി. സിന്ധുമോൾ വി എസ്, സെക്രട്ടറി |
| 3-10 | 25000 | ശ്രീമതി. വിജയലക്ഷ്മി.എം.കെ., ഹെഡ്മിസ്ട്രസ്, ജി.എൽ.പി.എസ്.കോട്ടപ്പുറം |
| ആകെ | 4007729 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക |
|---|---|
| 3-8 | 3131 |
| 3-9 | 1079 |

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

**ഇല്ല**

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. വിജയലക്ഷ്മി.എം.കെ., ഹെഡ്മിസ്ട്രസ്, ജി.എൽ.പി.എസ്.കോട്ടപ്പുറം | ജി.എൽ.പി.എസ്. കോട്ടപ്പുറം | തോപ്പിൽ(വീട്) പാനായിക്കുളം(പി.ഒ.) പിൻ – 683511 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പരും തീയതിയും |
|---|---|
| 1996-97 | എൽ.എഫ്.ഇ.(പി5)/830/98 തീയതി07/08/1999 |
| 1997-98 | എൽഎഫ്.ഇ.(പി5)/794/99 തീയതി08/07/2000 |
| 1998-99 | എൽ.എഫ്.ഇ.(പി6)1941/08 തീയതി29/01/2010 |
| 1999-00 | എൽ.എഫ്.ഇ.(പി8)/1070/01 തീയതി20/05/2002 |
| 2000-01 | എൽ.എഫ്.ഇ.(പി5)970/02 തീയതി23/12/2002 |
| 2001-02(ചെലവ്) | എൽ.എഫ്.ഇ.(പി6)1414/03 തീയതി24/07/2003 |
| 2001-02(വരവ്) | എൽ.എഫ്.ഇ.(പി6)/1940/08 തീയതി29/01/2010 |
| 2002-03 | എൽ.എഫ്.ഇ.(പി6)/1939/08 തീയതി29/01/2010 |
| 2003-04 | എൽ.എഫ്.ഇ.(പി6)/1938/08 തീയതി29/01/2010 |
| 2004-05 | എൽ.എഫ്.ഇ.(പി5)/1590/09 തീയതി30/03/2010 |
| 2005-06 | എൽ.എഫ്.ഇ.(പി5)/1591/09 തീയതി30/03/2010 |
| 2006-07 | എൽ.എഫ്.ഇ.(പി5)1592/09 തീയതി30/03/2010 |
| 2007-08 | എൽ.എഫ്.ഇ.(പി5)1106/12 തീയതി20/07/2012 |
| 2008-09 | എൽ.എഫ്.ഇ.(പി5)1106/12 തീയതി20/07/2012 |
| 2009-10 | എൽ.എഫ്.ഇ.(പി5)1106/12 തീയതി20/07/2012 |
| 2010-11 | എൽ.എഫ്.ഇ.(പി5)1106/12 തീയതി20/07/2012 |
| 2011-12 | എൽ.എഫ്.ഇ.(പി5)/873/13 തീയതി18/06/2013 |
| 2012-13 | എൽ.എഫ്.ഇ.(പി11)/20/14 തീയതി05/02/2015 |
| 2013-14 | കെ.എസ്.എ.-ഇ.കെ.എം (പി14)232/2016 തീയതി15.2.2016 |
| 2014-15 | |

തീർപ്പാക്കാനുള്ള റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് ഓഫീസ്, എറണാകുളം

# അനുബന്ധം - 1
## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.-
ഇ.കെ.എം(പി.13)2122/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം
സിവിൽ സ്റ്റേഷൻ,
കാക്കനാട് – 682030
ഫോൺ : 0484 – 2422271
ഇ-
മെയിൽ:doekm.ksad@kerala.gov.in
തീയതി : 13.12.2016

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ **ആലങ്ങാട്** ഗ്രാമപഞ്ചായത്തിന്റെ **2015-16** വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **ആലങ്ങാട്** ഗ്രാമപഞ്ചായത്തിന്റെ **2015-16**-ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)

# APPENDIX – I

## AUDIT CERTIFICATE – 2015-16

No.KSA-EKM(P.13)2122/2016

Kerala State Audit Department
District Audit Office, Ernakulam
Civil Station, Kakkanad – 682030
Phone : 0484 - 2422271
e-mail : doekm.ksad@kerala.gov.in

Date : 13.12.2016

Certified that I have audited the Annual Financial Statement of **ALANGAD** Grama Panchayat in Ernakulam District for the Financial Year ended on **31.03.2016** in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Annual Financial Statement of **ALANGAD** Grama Panchayat for the Financial Year **2015-16** except the observations in my audit report properly presents the picture of income and expenditure.

.

Deputy Director(H.G.)